&

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണവും എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

(എ&ബി) ഉണ്ട്. ബാങ്ക് അക്കൗണ്ടിലെ അപാകത കാരണം ബാങ്ക് റിജക്ഷൻ ആയതിനാലും ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായി തുക അനുവദിച്ചത് കാരണവും 96 പേർക്ക് തുക വിതരണം ചെയ്യാനുണ്ട്.

2019-ലെ പ്രളയവുമായി ബന്ധപ്പെട്ട ധനസഹായം ലഭിക്കാൻ നടപടി

320 (930) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് താലൂക്കിൽ 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ഏകദേശം 2500-ഓളം പേർക്ക് സാങ്കേതിക കാരണങ്ങളാൽ സർക്കാർ പ്രഖ്യാപിച്ച ധനസഹായം കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ ദുരിതബാധിതരായി ക്യാമ്പിൽ കഴിഞ്ഞവരുടെ വിവരങ്ങൾ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യപ്പെട്ടിട്ടുള്ളതും അതുപോലെ ക്രഡിറ്റ് ലിസ്റ്റിലോ റിജക്ടഡ് ലിസ്റ്റിലോ ഉൾപ്പെടാത്തതും എന്നാൽ ധനസഹായത്തിന് അർഹതയുള്ളതുമായ കോഴിക്കോട് ജില്ലയിലെ 2557 പേരുടെ പട്ടിക സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

2019-ലെ പ്രളയബാധിതർക്ക് നഷ്ടപരിഹാരത്തുക ലഭിക്കാത്തത് സംബന്ധിച്ച്

321 (931) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ സ്ഥലമോ വീടോ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട എത്ര ആളുകൾക്കാണ് നിലമ്പൂർ താലൂക്കിൽ ഇനിയും നഷ്ടപരിഹാരത്തുക നൽകാനുള്ളതെന്ന് അറിയിക്കാമോ; ഇവരുടെ പട്ടികയും നൽകാനുള്ള തുകയും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2019-ലെ പ്രളയത്തോടനുബന്ധിച്ച് ഭൂമിയും വീടും നഷ്ടപ്പെട്ടതും വെള്ളപ്പൊക്കം, ദുരന്ത ഭീഷണി എന്നിവമൂലം മാറ്റിപ്പാർപ്പിക്കുന്നതിനുമായി 322 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയത്. അതിൽ 282 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് സർക്കാർ ധനസഹായമായ 6 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. വിവിധ കാരണങ്ങളാൽ വീടും സ്ഥലവും വാങ്ങുവാൻ അനുവദനീയമായ 10 ലക്ഷം രൂപ വിതരണം ചെയ്യാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്*. അവർക്കുള്ള ധനസഹായ വിതരണം പുരോഗമിച്ചുവരുന്നു.

(ബി) പ്രളയ നഷ്ടപരിഹാരത്തുകയുടെ ഗഡുക്കൾ ഇനിയും ലഭിച്ചിട്ടില്ലാത്തവർക്ക് എങ്ങനെയാണ് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി ബന്ധപ്പെടേണ്ട ഓഫീസുകളുടെയും ഉദ്യോഗസ്ഥരുടെയും ഫോൺ നമ്പറടക്കമുള്ള വിവരങ്ങൾ അറിയിക്കാമോ?

2019-ലെ പ്രളയത്തോടനുബന്ധിച്ച് ഭൂമിയും വീടും നഷ്ടപ്പെട്ടതും വെള്ളപ്പൊക്കം, ദുരന്ത ഭീഷണി എന്നിവമൂലം മാറ്റിപ്പാർപ്പിക്കുന്നതിനുമായി 322 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയത്. ഇവർക്കുള്ള ധനസഹായ വിതരണത്തിനുള്ള തുക അനുവദിച്ചിട്ടുള്ളതും ആയത് മാനദണ്ഡങ്ങൾ പ്രകാരം വിതരണം നടത്തിവരുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ നിലമ്പൂർ തഹസിൽദാരുടെ കാര്യാലയത്തിൽനിന്നും ലഭ്യമാകുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ: നിലമ്പൂർ താലൂക്ക് ഓഫീസ് 04931-221471 മൊബൈൽ: 8547615900 (തഹസിൽദാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ).

(സി) 2019-ലെ പ്രളയ നഷ്ടപരിഹാരത്തുക ഇനിയും ലഭിക്കാത്ത അർഹരായവരെ ഉൾപ്പെടുത്തി താലൂക്കുതല അദാലത്ത് നടത്തുന്നതിന് (കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്) നടപടി സ്വീകരിക്കാമോ?

ആവശ്യമുള്ള പക്ഷം അദാലത്ത് നടത്തുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ഡി) പ്രളയ നഷ്ടപരിഹാരത്തിന് സജ്ജമാക്കിയിരുന്ന സോഫ്റ്റ്വെയറിൽ നിലവിൽ പ്രവേശിക്കാനാകാത്തതാണ് സങ്കേതിക പ്രശ്നമെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് ചെയ്യാനാകുമെന്ന് അറിയിക്കാമോ; ഈ സോഫ്റ്റ്വെയർ നിശ്ചിത സമയത്തേക്ക് ഓപ്പൺ ആക്കുന്നതിന് നിർദ്ദേശം നൽകാമോ?

2019-ലെ പ്രളയ ബാധിതർക്ക് വീടിന്റെ നഷ്ടപരിഹാരം Information Kerala Mission വികസിപ്പിച്ചെടുത്ത rebuild.lsgkerala.gov.in എന്ന സോഫ്റ്റ്വെയർ മുഖാന്തരമാണ് നടപ്പാക്കിയത്. എന്നാൽ പ്രസ്തുത സോഫ്റ്റ്വെയറിൽ പ്രവേശിക്കാനാകാത്ത സാഹചര്യത്തിൽ സോഫ്റ്റ്വെയർ മുഖാന്തരമല്ലാതെ നേരിട്ട് ഡാറ്റാ എൻട്രി വരുത്തി സാങ്കേതിക പ്രശ്നം പരിഹരിച്ച് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.